**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 149** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഇരവിപുരം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇരവിപുരം മണ്ഡലത്തിലെ പോലീസ് സ്റ്റേഷൻ വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പോലീസ് സ്റ്റേഷന് കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട്. ഇരവിപുരം പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിന് 05.11.2018 ലെ സ.ഉ.(കൈ)411/2018/റവ ഉത്തരവ് പ്രകാരം കൊല്ലം താലൂക്കിലെ ഇരവിപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ 25-ൽ റീ സർവേ 360/15/1-ൽ 0.0342 ഹെക്ടറും 360/16/1-ൽ 0.0265 ഹെക്ടറും ഉൾപ്പെട്ട 0.0607 ഹെക്ടർ ഭൂമി പോലീസ് വകുപ്പിന് കൈമാറുന്നതിന് സർക്കാർ ഉത്തരവായിരുന്നെങ്കിലും പ്രസ്തുത ഭൂമിയിന്മേൽ ചില തർക്കം നിലനിൽക്കുന്നതിനാൽ ഭൂമി പോലീസ് വകുപ്പിന് ലഭ്യമായില്ല. ഇതിനു ശേഷം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ ഉടമസ്ഥാവകാശത്തിലുള്ള 20 സെന്റ് സ്ഥലം ഈ ആവശ്യത്തിന് അനുവദിച്ചു കിട്ടുന്നതിന് ജില്ലാ കളക്ടർക്ക് പുതിയ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും സ്ഥലം വിട്ടു നൽകാൻ കഴിയില്ലായെന്നു വ്യവസായ വകുപ്പ് അറിയിച്ചു. അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്താൻ കഴിയാതെ വന്നതിനാലും പുതിയ ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ ഫണ്ട് പര്യാപ്തമല്ലായെന്ന് കൊല്ലം കോർപ്പറേഷൻ അധികൃതർ അറിയിച്ചതിനാലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ കൊല്ലം ജില്ലാ പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (സി) | കൊല്ലം ജില്ലയിൽ ആഭ്യന്തരവകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | കൊല്ലം ജില്ലയിൽ ആഭ്യന്തരവകുപ്പിന് കീഴിൽ കെട്ടിട നിർമ്മാണത്തിനായി ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്.<br><br>**<u>പോലീസ്</u>**<br><br>1) കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ കൊല്ലം ആശ്രാമത്ത് 2023-24 ലെ Central |

Assistance to States for Capital Investment പദ്ധതി പ്രകാരം 3.5 കോടി രൂപ ചെലവഴിച്ച് 12ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

2) 2021-22 വർഷം കരുനാഗപ്പള്ളിയിൽ കൺട്രോൾ റൂം നിർമാണത്തിന് ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും നിർമാണം 2023-24 വർഷം പൂർത്തീകരിക്കുകയും തുക പൂർണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

3) 2021-22 വർഷം കൊല്ലം ആശ്രാമത്ത് Custodial Facilitation Center നിർമ്മാണത്തിന് 145 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

4) 2021-22 വർഷം കൊല്ലം പോലീസ് മ്യൂസിയത്തിന്റെ Knowledge Repository Center നിർമ്മാണത്തിന് 30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

5) 2022-23 വർഷം കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ നിർമ്മാണത്തിന് 371.74 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

6) കിളികൊല്ലൂർ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് LAC ADS 2022 പദ്ധതിയിൽ നിന്നും രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്.

7) കൊല്ലം പോലീസ് മ്യൂസിയത്തിന്റെ നവീകരണത്തിനായി 85,95,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

8) കൊട്ടാരക്കര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

9) ചിതറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

10) കൊട്ടാരക്കരയിൽ ജില്ലാ ട്രെയിനിങ് സെന്റർ നിർമ്മിക്കുന്നതിനായി ഒരു കോടി രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

11) കൊട്ടാരക്കരയിൽ വനിതാ സെൽ നിർമ്മിക്കുന്നതിനായി 75 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

12) ശൂരനാട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 1,12,60,900/- രൂപ അനുവദിച്ചിട്ടുണ്ട്.

13) റൂറൽ ജില്ലാ പോലീസ് ക്യാമ്പ് ഓഫീസ് നിർമ്മിക്കുന്നതിനായി 66.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് 69,60,000/- തുകയ്ക്ക് കൂടി ഭരണാനുമതി നൽകിയിട്ടുണ്ട്.

14) എഴുകോൺ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 165 ലക്ഷം രൂപയ്ക്ക്

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകിയിട്ടുണ്ട്.<br>15) പുനലൂർ പോലീസ് സ്റ്റേഷൻ പരിസരത്ത് 2023-24 ലെ Central Assistance to States for Capital Investment പദ്ധതി പ്രകാരം 1 കോടി 90 ലക്ഷം രൂപ ചെലവഴിച്ച് 6 ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**<u>ഫയർ & റസ്ക്യൂ സർവ്വീസസ്</u>**<br><br>1) പത്തനാപുരം അഗ്നിരക്ഷാ നിലയം - 298.60 ലക്ഷം<br>2) ഓയൂർ അഗ്നിരക്ഷാ നിലയം - 348.50 ലക്ഷം.<br>3) കൊല്ലം ജില്ലാ അഗ്നിരക്ഷാ നിലയം - 80.30 ലക്ഷം<br><br>**<u>കോടതി</u>**<br><br>1) കൊല്ലത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി 7820.1 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>2) സൗത്ത് പരവൂർ കോടതി കെട്ടിടത്തിന്റെ ഒന്നാം നില നിർമ്മിക്കുന്നതിന് 2.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>3) കുടുംബ കോടതി, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, ഗ്രാം ന്യായാലയ കോടതികൾ എന്നിവ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിലേക്ക് മാറ്റുന്നതിന് പഞ്ചായത്ത് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 68.27 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>4) പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ - കോടതി സമുച്ചയം എന്നിവയുടെ നിർമ്മാണത്തിനായി കിഫ്ബി സ്കീമിൽ ഉൾപ്പെടുത്തി 15.17 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**<u>ജയിൽ</u>**<br><br>കൊല്ലം ജില്ലയിലെ ജയിലുകളിൽ കെട്ടിട നിർമ്മാണ പ്രവർത്തികൾക്കായി നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ